8038
12/8/14

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശുവികസന സേവന പദ്ധതി-എപിഐപി പദ്ധതി പ്രകാരം നിലവിലുള്ള അംഗൻവാടികൾ അപ്ഗ്രേഡ് ചെയ്യുന്നതിന് ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം. 498/2014/സാനീവ തീയതി, തിരുവനന്തപുരം , 07.08.2014.

---

പരാമർശം : (1) 18.06.2014 ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഐസിഡിഎസ്/എ7- 18901 /14 നംപർ കത്ത്.
(2) 21.7.2014 ൽ നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

<u>ഉത്തരവ്</u>

ആന്വൽ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാൻ 2014-15 പ്രകാരം നിലവിലുള്ള 1370 അംഗൻവാടികളെ അപ്ഗ്രേഡ് ചെയ്യുന്നതിനായി, ഒരു അംഗൻവാടിയ്ക്ക് 1 ലക്ഷം രൂപ നിരക്കിൽ 75:25(കേന്ദ്ര- സംസ്ഥാന) അനുപാതത്തിൽ തുക വിനിയോഗിക്കുവാൻ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ 450 അംഗൻവാടികളെ അപ്ഗ്രേഡ് ചെയ്യുന്നതിനായി, ഒരു അംഗൻവാടിയ്ക്ക് 1 ലക്ഷം രൂപ വീതം 450 ലക്ഷം രൂപ 4235-02-102-91 (പി) എന്ന പുതിയ ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്.

(2) 21.7.2014 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ടി ശുപാർശ അംഗീകരിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും എപിഐപി 2014-15 പ്രകാരം ഒരു അംഗൻവാടിയ്ക്ക് 1 ലക്ഷം രൂപ നിരക്കിൽ നിലവിലുള്ള 450 അംഗൻവാടികൾ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് ഭരണാനുമതി നൽകിയും ഇതിനാവശ്യമായ 450 ലക്ഷം രൂപ (നാനൂറ്റിയൻപത് ലക്ഷം രൂപ മാത്രം) 4235-02-102-91 (പി) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ഡോ.കെ.എം.എബ്രഹാം**
**അഡീഷണൽ ചീഫ് സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ , ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ